# തലശ്ശേരി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

Ph : 0490 2344430, E-mail : catechesistly@gmail.com


## സർക്കുലർ - ഡിസംബർ 2017

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52)**

### 1. ക്രിസ്മസ് പരീക്ഷ ഡിസംബർ 10

ക്രിസ്മസ് പരീക്ഷ ഡിസംബർ 10ന് ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>4-5 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10വരെയുള്ള അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 2: 1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 വരെയുള്ള അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം | 6-10 വരെയുള്ള അദ്ധ്യായങ്ങൾ |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 2. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയ്ക്ക് 5 മാർക്കിന്റെ ജനറൽ ചോദ്യങ്ങൾ 4-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽ ചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

a. 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്ന തലക്കെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. സഹായം ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. ഡിസംബർ 15 നുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

b. എല്ലാവർഷവും ചെയ്യുന്നതുപോലെ കുട്ടികളുടെ പേരുവിവരങ്ങൾ ചേർത്ത രജിസ്ട്രേഷൻ ഫോമും വെബ്സൈറ്റിൽ റിപ്പോർട്ട് സെക്ഷനിലെ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018 എന്നതിന്റെ പ്രിന്റ് ചെയ്ത കോപ്പിയും കൂടി ഡിസംബർ 20നകം ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ഡിപ്ലോമ രജിസ്ട്രേഷൻ ഫോം ക്രിസ്മസ് പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം തരുന്നതാണ്. വെബ്സൈറ്റിൽ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2017-2018ൽ കാണുന്ന ക്രമത്തിലായിരിക്കണം രജിസ്ട്രേഷൻ ഫോമിൽ ചേർക്കേണ്ടത്. രജിസ്ട്രേഷൻ ഫോമിന്റെ കോപ്പികൾ കൂടുതൽ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽ നിന്ന് എടുക്കാവുന്നതാണ്. ലീഗൽ പേപ്പറിലാണ് പ്രിന്റു ചെയ്യേണ്ടത്.

**4. XII-ാം ക്ലാസ്സ് ഡിപ്ലോമ ഇംപ്രൂവ്മെന്റ്**

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2018 ജനുവരി 26-ന് നടത്തുന്ന പരീക്ഷയക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് ഡിസംബർ 20നകം അയച്ചുതരേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

**5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്**

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല. (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്.) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്. നവോദയ, സ്പോർട്സ് സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ അസൈൻ മെന്റ് ഓഫീസിൽ എത്തിക്കേണ്ടതില്ല. അവധിക്കാല ക്ലാസ്സിനുവരുമ്പോൾ കൊണ്ടുവന്നാൽ മതി.

**6. സീറോമലബാർ പ്രതിഭാസംഗമം 2017**

2011 അധ്യയനവർഷം മുതൽ ഓരോ രൂപതയിൽനിന്നും തിരഞ്ഞെടുക്കുന്ന 12-ാം ക്ലാസിലെ രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും സഭാതലത്തിൽ സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേക പരിശീലനം കൊടുക്കുന്നു. ഈ വർഷം ഫൊറോനയിൽനിന്നും തിരഞ്ഞെടുത്തിരിക്കുന്ന കുട്ടികളുടെ അതിരൂപതാ ക്യാമ്പ് ഡിസംബർ 2,3 തീയതി കളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 1 മണിക്ക് അവസാനിക്കുന്നു. അതിരൂപതാ ക്യാമ്പിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും മൗണ്ട് സെന്റ്തോമസിൽ നടക്കുന്ന സീറോമലബാർ പ്രതിഭാസംഗമത്തിലേക്ക് അയക്കുന്നതായിരിക്കും.

**7. വിശ്വാസോത്സവം 2018**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവത്തിന് ആവശ്യമായ വർക്ക്ബുക്കുകളുടെ ഓർഡർഫോം ക്രിസ്മസ് പരീക്ഷാ ചോദ്യപേപ്പറിനോടൊപ്പം അയക്കുന്നു. കൂടാതെ ഓർഡർ ഫോം വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൃത്യമായ എണ്ണം ഓർഡർഫോമിൽ ചേർത്ത് ജനുവരി 10ന് മുമ്പ് ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**8. സെമിനാർ (ആസ്പെക്ട്)**

അധ്യാപകർക്കായി ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്ന രണ്ടാമത്തെ ഏകദിന സെമിനാർ **"ഭാരത കത്തോലിക്ക സഭ ഇന്നലെയും ഇന്നും"** എന്ന സഭാചരിത്രഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തിന്റെ പഠനമാണ്. സഭാചരിത്രം വളരെ പ്രധാനപ്പെട്ടതായതുകൊണ്ട് ഫൊറോനയിലെ മുഴുവൻ അധ്യാപകരും സെമിനാറിൽ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. എല്ലാവരുടെയും സൗകര്യാർത്ഥം ക്ലാസ്സുകൾ ഉച്ചകഴിഞ്ഞ് 2 മുതൽ 5.30 വരെയായിരിക്കും. സെമിനാറുള്ള ദിവസം വേദപാഠക്ലാസ്സ് ഒരുമണിക്ക് അവസാനിപ്പിച്ച് പൊതുവായി ഭക്ഷണം കഴിച്ച് എല്ലാവരും ഒരുമിച്ച് സെമിനാറിൽ എത്തുമല്ലോ.

| ഡിസംബർ മാസത്തെ സെമിനാർ | | | |
|---|---|---|---|
| **തീയതി** | **ഫൊറോന** | **സ്ഥലം** | **സമയം** |
| 09 ശനി | കുന്നോത്ത് | കുന്നോത്ത് | 9.30 - 1.00 pm |
| 09 ശനി | നെല്ലിക്കാംപൊയിൽ | നെല്ലിക്കാംപൊയിൽ | 9.30 - 1.00 pm |
| 10 ഞായർ | ചെറുപുഴ | ചെറുപുഴ | 2.00 - 5.30 pm |
| 17 ഞായർ | പൈസക്കരി | പൈസക്കരി | 2.00 - 5.30 pm |
| 17 ഞായർ | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി | 2.00 - 5.30 pm |
| 17 ഞായർ | വായാട്ടുപറമ്പ് | കരുവഞ്ചാൽ | 2.00 - 5.30 pm |

N.B: ക്ലാസ്സിന് വരുമ്പോൾ നിർബന്ധമായും ടെക്സ്റ്റ് ബുക്ക് കൊണ്ടുവരേണ്ടതാണ്. 9-ാം തീയതി ശനിയാഴ്ച കുന്നോത്തും നെല്ലിക്കാംപൊയിലിലും രാവിലെ 8.45ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**9. ഡയറക്ടറച്ചന്റെ സന്ദർശനം**

തളിപ്പറമ്പ് ഇടവക സന്ദർശിക്കുകയും വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സെടുക്കുകയും ചെയ്തു.

ക്രിസ്മസ് നവവത്സരാംശസകളോടെ,

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
ഡയറക്ടർ